## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2477 14.06.2019-ൽ മറുപടിക്ക്

## മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് ചീഫ് എക്സിക്യൂട്ടീവിന്റെ സസ്പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മക്കരപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് (സെക്രട്ടറി) യെ സസ്പെന്റ് ചെയ്യുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് സഹകരണ സംഘം രജിസ്ട്രാർ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) യും (സി) യും | പ്രസ്തുത സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയെ സസ്പെൻഡ് ചെയ്യുന്നതിന് മലപ്പുറം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ബാങ്ക് പ്രസിഡന്റിന് മതിയായ നിർദ്ദേശം നൽകിയിരുന്നു എങ്കിലും പ്രസ്തുത നിർദ്ദേശം ടി ബാങ്ക് ഭരണസമിതി നടപ്പിലാക്കിയിട്ടില്ല. സഹകരണ നിയമം ചട്ടം 198(6) പ്രകാരം സഹകരണ സംഘം സെക്രട്ടറിയുടെ നിയമനാധികാരി അതാത് സംഘം ഭരണസമിതിയാണ്. നിയമനാധികാരിയായ സംഘം ഭരണസമിതിയാണ് സംഘം സെക്രട്ടറിയെ സസ്പെൻഡ് ചെയ്യേണ്ടത്. കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം, വകുപ്പ് 66 പ്രകാരമുള്ള പരിശോധന, വകുപ്പ് 64 പ്രകാരമുള്ള ആഡിറ്റ്, വകുപ്പ് 68(എ) പ്രകാരമുള്ള അന്വേഷണം എന്നിവയിലൂടെ സഹകരണ സംഘത്തിലെ ഉദ്യോഗസ്ഥൻ സംഘം വിരുദ്ധപ്രവർത്തനം നടത്തി എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം മാത്രമാണ് കേരള സഹകരണ നിയമം വകുപ്പ് 66(ബി) പ്രകാരം ജീവനക്കാരനെ സസ്പെൻഡ് ചെയ്യുവാൻ കഴിയുകയെന്നും അപ്രകാരമുള്ള സാഹചര്യം നിലവിലില്ലാതെ ഈ ആഫീസിൽ നിന്നും |
| (സി) | ഈ ഉദ്യോഗസ്ഥൻ നിലവിൽ സസ്പെൻഷനിലാണോ; അല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെൻഡ് ചെയ്യുന്നതിന് നൽകിയിരുന്ന നിർദ്ദേശം പാലിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് ടി സംഘം ഭരണസമിതി സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുകയാണ് എന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**അടിയന്തിരം**

**കോൺഫിഡൻഷ്യൽ**

**കേരള സർക്കാർ**

നമ്പർ.സഹ-സി3/ 166 /2019/സഹ

സഹകരണ (സി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 15/05/2019

ഗവൺമെന്റ് സെക്രട്ടറി.

**സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.**

**സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, മലപ്പുറം.**

സർ,

വിഷയം:- സഹകരണ വകുപ്പ് - കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ സംസ്ഥാന ധനകാര്യ പരിശോധന വിഭാഗം നടത്തിയ പരിശോധന റിപ്പോർട്ട് - മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് പി 576 - സെക്രട്ടറി - ശ്രീ.മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ - സസ്പെന്റ് ചെയ്യുന്നത് - സംബന്ധിച്ച്.

മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്കിൽ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ആയി മുഹമ്മദ് ഹനീഫ പെരിഞ്ചേരി സേവനമനുഷ്ഠിച്ചു വരവെ 2/10/2012 ലെ സ.ഉ.(കൈ) നം.291/2012/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും 08/12/2012 മുതൽ 01/10/2016 വരെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്നു. മേൽ കാലയളവിൽ, കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ വായ്പ അനുവദിച്ചതിൽ നടത്തിയ കൃത്രിമം, തിരിമറി തുടങ്ങിയ നിരവധി ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് സംസ്ഥാന ധനകാര്യ പരിശോധന വിഭാഗം കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ (KSMDFC) കോഴിക്കോട്ടെ ആസ്ഥാന കാര്യാലയത്തിലും തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ റീജിയണൽ ഓഫീസുകളിലും പരിശോധന നടത്തുകയും പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയും ഉണ്ടായി. കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ ഫ്ലാറ്റ് വാടകയിനത്തിൽ ചട്ട വിരുദ്ധമായി തുക സ്വയം അനുവദിച്ചു നൽകുക, മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്വയം തൊഴിൽ വായ്പ കരസ്ഥമാക്കുക, ബോർഡിനെ തെറ്റിദ്ധരിപ്പിക്കുക, ചട്ടങ്ങൾ ലംഘിച്ചു കൊണ്ട് വായ്പ അനുവദിച്ചു നൽകുക തുടങ്ങിയ സാമ്പത്തിക ക്രമക്കേടുകൾ ധനകാര്യ പരിശോധന വിഭാഗം

കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ ഗുരുതരമായ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ശ്രീ.മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ ടി ബാങ്കിന്റെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യണമെന്ന് ധനകാര്യ പരിശോധന വിഭാഗം ശുപാർശ ചെയ്തിട്ടുണ്ട്.

ആകയാൽ മേൽ ഗുരുതര ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ടി കോർപറേഷന്റെ മുൻ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ.മുഹമ്മദ് ഹനീഫ പെരുഞ്ചേരിയെ ഉടനടി പ്രാബല്യത്തിൽ വരും വിധം ബാങ്കിന്റെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ചട്ട പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുവാനും നടപടി റിപ്പോർട്ട് മടക്കതപാലിൽ സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാനും താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

**സുരേഷ് കുമാർ വി.എസ്**
**അഡീഷണൽ സെക്രട്ടറി**
*ഗവൺമെന്റ് സെക്രട്ടറിക്ക് വേണ്ടി*

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ